പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2047 — 22.01.2014 ൽ മറുപടിക്ക്

## സ്ത്രീ സുരക്ഷാ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>''പി.എ.മാധവൻ<br>''ലൂഡി ലൂയിസ്<br>''വി.ഡി. സതീശൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ; | (എ) മുതൽ (ഡി) വരെ സ്ത്രീകളുടെ സുരക്ഷയ്ക്ക് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ ഇപ്പോൾ കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സുരക്ഷയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | |
| (ഡി) ഇത് സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 183

# 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ

വനിതയുടെ സ്വകാര്യതയിലും അന്തസ്സിലും കടന്നുകയറ്റം നടത്തുന്നതിനുള്ള ഏതൊരു ശ്രമമോ പ്രവർത്തിയോ അല്ലെങ്കിൽ പീഡനമോ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികവുമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—വനിതകളുടെ സ്വകാര്യതയിലും അന്തസ്സിലും കടന്നുകയറ്റം നടത്തുന്നതിനുള്ള ഏതൊരു ശ്രമമോ പ്രവർത്തിയോ അല്ലെങ്കിൽ പീഡനമോ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികവുമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "പീഡനം" എന്നാൽ ഏതെങ്കിലും ബോധപൂർവ്വമായ അപമര്യാദയായ പെരുമാറ്റവും വനിതയുടെ അന്തസ്സിന് ക്ഷതമേൽപ്പിക്കുന്ന ഒരു ആളുടെ ഏതൊരു പ്രവൃത്തിയും എന്നർത്ഥമാകുന്നതും, അതിൽ,—

(i) വനിതയെ ലൈംഗികമായ പ്രീതിക്കുവേണ്ടി പ്രലോഭിപ്പിക്കുന്നതിന് വാക്കുകളിലൂടെയോ ഏതെങ്കിലും തരത്തിൽ രേഖാമൂലം അല്ലെങ്കിൽ ഏതെങ്കിലും ഇലക്ട്രോണിക് ഉപകരണത്തിലൂടെ ചേഷ്ടകളോ ആംഗ്യങ്ങളോ ;

(ii) സ്ത്രീയെ അശ്ലീലമായ വസ്തുക്കളോ അല്ലെങ്കിൽ അശ്ലീല സാഹിത്യമോ കാണിക്കുക;

(iii) അപമാനിക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു വനിതയുടെ ശരീര ഭാഗങ്ങളെ സംബന്ധിച്ച് അഭിപ്രായം പറയുക;

(iv) ഒരു വനിതയെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിനുവേണ്ടി സ്ഥാനം അഥവാ അധികാരം ദുരുപയോഗപ്പെടുത്തുക;

(v) ഷോർട്ട് മെസേജ് സർവ്വീസിലൂടെയോ ഫോൺ കോളിലൂടെയോ വീഡിയോഗ്രാഫിങ്ങിലൂടെയോ ശബ്ദം രേഖപ്പെടുത്തുന്നതിലൂടെയോ ചിത്രമെടുക്കുന്നതിലൂടെയോ ഇന്റർനെറ്റോ മൊബൈൽ ഫോണോ അല്ലെങ്കിൽ മറ്റു ഏതെങ്കിലും ഉപകരണമോ വഴി ചിത്രങ്ങളോ വോയ്സ്ക്ലിപ്പുകളോ ശേഖരിക്കുന്നതിലൂടെയോ വിതരണം നടത്തുന്നതിലൂടെയോ അല്ലെങ്കിൽ മോർഫിംഗിലൂടെയോ ഒരു വനിതയുടെ സ്വകാര്യതയിൽ കടന്നു. കയറുക;

(vi) ഒരു വനിതയെ അപകീർത്തിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തുക;

(vii) ഏതെങ്കിലും തരത്തിലുള്ള ലൈംഗികചൂഷണം നടത്തുക ; എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

(സി) "സ്ഥാനം അഥവാ അധികാരദുരുപയോഗം" എന്നാൽ ഒരു വനിതയുടെ മനോഗതിക്ക് മേൽ ആധിപത്യം സ്ഥാപിക്കാവുന്ന സ്ഥാനത്തോ അധികാരത്തിലോ ആയിരിക്കുകയും ആ സ്ഥാനം അഥവാ അധികാരം ഇല്ലാത്തപക്ഷം അവൾ സമ്മതം നൽകാതിരിക്കുകയും പ്രസ്തുത സ്ഥാനം അഥവാ അധികാരം ഉപയോഗിച്ച് അവളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതും എന്നർത്ഥമാകുന്നു;

(ഡി) "പബ്ലിക് സർവ്വീസ് വാഹനം" എന്നാൽ വാടകയ്ക്കോ അല്ലെങ്കിൽ പ്രതിഫലത്തിനോ യാത്രക്കാരെ വഹിക്കുവാൻ ഉപയോഗിക്കുന്നതോ അല്ലെങ്കിൽ ഉപയോഗിക്കാൻ യോജിച്ചതോ ആയ ഏതൊരു വാഹനവും എന്നർത്ഥമാകുന്നതും അതിൽ ഒരു മാക്സിക്യാബും ഒരു ടാക്സിക്യാബും ഒരു മോട്ടോർക്യാബും ഒരു കോൺട്രാക്റ്റ് ക്യാരിയേജും ഒരു സ്റ്റേജ് ക്യാരിയേജും ഒരു ട്രെയിനും വിമാനവും ഒരു യാനപാത്രവും ഉൾപ്പെടുന്നതുമാകുന്നു;

(ഇ) "വനിത" എന്നാൽ ഏതു പ്രായത്തിലുമുള്ള മനുഷ്യസ്ത്രീ എന്നർത്ഥമാകുന്നു.

3. <u>വനിതയ്ക്കെതിരെയുള്ള പീഡനം നിരോധിക്കൽ.</u>—യാതൊരു സ്ഥലത്തും യാതൊരു വനിതയെയും പീഡനത്തിനു വിധേയമാക്കാൻ പാടുള്ളതല്ല.

4. <u>വനിതയ്ക്കെതിരെയുള്ള പീഡനത്തിനുള്ള ശിക്ഷ.</u>—തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതൊരു നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആരെങ്കിലും,—

(എ) ഏതെങ്കിലും വനിതയ്ക്കെതിരെ പീഡനം നടത്തുന്നുവെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ ഏഴുവർഷം വരെയാകാവുന്ന കാലയളവിലേക്ക് തടവ് ശിക്ഷയ്ക്കും പിഴ ശിക്ഷയ്ക്കും വിധിക്കപ്പെടാവുന്നതുമാകുന്നു;

CES-2047



(ബി) പീഡനം വഴി ഒരു വനിതയുടെ മരണം സംഭവിപ്പിക്കുകയാണെങ്കിൽ കുറ്റസ്ഥാപനത്തിന്മേൽ ജീവപര്യന്തമുള്ള തടവുശിക്ഷയും പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

5. ആത്മഹത്യയ്ക്കുള്ള പ്രേരണ.—ഒരു വനിത ആത്മഹത്യ ചെയ്യുകയും മരണത്തിന് തൊട്ടുമുമ്പ് അവർ ഏതൊരാളാലും പീഡനത്തിന് വിധേയമാക്കപ്പെടുന്ന പക്ഷം മറ്റ് വിധത്തിൽ തെളിയാത്തപക്ഷം, അങ്ങനെ പീഡനം നടത്തിയ ആൾ അങ്ങനെയുള്ള ആത്മഹത്യയ്ക്കുള്ള പ്രേരണ നൽകിയതായി കരുതപ്പെടേണ്ടതാണ്.

6. പരിസരത്തിന്റെ ചുമതലയുള്ള ആളിന്റെ കടമകൾ.—(1) ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റേയോ സിനിമാ തീയേറ്ററിന്റേയോ സൈബർസ്പേസിന്റേയോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പരിസരത്തിന്റേയോ ചുമതലയുള്ള ഏതൊരാളും,—

(എ) അങ്ങനെയുള്ള പരിസരത്തിനുള്ളിൽ പീഡനം തടയുവാൻ അയാൾക്ക് ഉചിതമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കേണ്ടതും ;

(ബി) വനിതയ്ക്കെതിരെ പീഡനം എന്ന കുറ്റം നടന്ന വിവരം ആ പ്രദേശത്തിന്മേൽ അധികാരിതയുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും ; അല്ലെങ്കിൽ

(സി) വനിതയെ പീഡിപ്പിച്ചതായ വിവരം സംബന്ധിച്ച് ഇരയായ ആളോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ആളോ പരാതി എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് പോലീസ് സ്റ്റേഷനിലേക്ക് അയയ്ക്കേണ്ടതും,

ആണ്.

(2) ആരെങ്കിലും (1)-ാം ഉപവകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടി എടുക്കുവാൻ പരാജയപ്പെടുന്നപക്ഷം, അയാൾ കുറ്റസ്ഥാപനത്തിന്മേൽ മൂന്ന് മാസം വരെയാകാവുന്ന ഒരു കാലാവധിക്ക് തടവു ശിക്ഷയോ അല്ലെങ്കിൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

7. ഒരു പബ്ലിക് സർവ്വീസ് വാഹനത്തിന്റെ ചുമതലയുള്ള ആളുടെ കടമകൾ.—(1) ഒരു പബ്ലിക് സർവ്വീസ് വാഹനത്തിന്റെ ചുമതലയുള്ള ഏതെങ്കിലും ജോലിക്കാരോ അല്ലെങ്കിൽ ഏതെങ്കിലും ആളോ,—

(എ) പബ്ലിക് സർവ്വീസ് വാഹനത്തിനുള്ളിൽ പീഡനം തടയുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കേണ്ടതും;

(ബി) പബ്ലിക് സർവ്വീസ് വാഹനത്തിൽ നടന്ന പീഡന കുറ്റത്തെപ്പറ്റിയുള്ള വിവരം അധികാരിതയുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും, അല്ലെങ്കിൽ;

(സി) വനിതയെ പീഡിപ്പിച്ചതായ വിവരം സംബന്ധിച്ച് ഇരയായ ആളോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ പരാതി എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ, അത് പോലീസ് സ്റ്റേഷനിലേക്ക് അയയ്ക്കേണ്ടതും,

ആണ്.

(2) ആരെങ്കിലും (1)-ാം ഉപവകുപ്പിൻ കീഴിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടി എടുക്കുവാൻ പരാജയപ്പെടുന്ന പക്ഷം, അയാൾ കുറ്റസ്ഥാപനത്തിന്മേൽ മൂന്ന്

മാസം വരെയാകാവുന്ന ഒരു കാലാവധിക്ക് തടവു ശിക്ഷയോ അല്ലെങ്കിൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

8. ഏതെങ്കിലും ഉപകരണത്തിന്റെ ഉപയോഗം നിയന്ത്രിക്കുവാൻ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്കുള്ള അധികാരം.—(1) ഏതൊരു വിദ്യാഭ്യാസസ്ഥാപനത്തിന്റെയും മേധാവി, ഉത്തരവ് വഴി, വിദ്യാർത്ഥിനികളുടെ സ്വകാര്യതയിൽ കടന്നുകയറ്റം നടത്താൻ ഉപയോഗിച്ചേക്കാവുന്ന ഏതൊരു ഉപകരണത്തിന്റെയും ഉപയോഗം നിയന്ത്രിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ രണ്ടായിരം രൂപ വരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

9. പരാതി സമർപ്പിക്കുന്നതിനുള്ള പ്രത്യേക നടപടിക്രമം.—ഈ ആക്റ്റിൻ കീഴിൽ കുറ്റകൃത്യത്തിന് ഇരയായ ഏതൊരു വനിതയ്ക്കും,—

(എ) പോലീസ് സ്റ്റേഷനിൽ പരാതി ബോധിപ്പിക്കുമ്പോൾ അവരുടെ പരാതി ഒരു വനിതാ ഓഫീസറെക്കൊണ്ട് എഴുതി എടുപ്പിക്കുവാനോ; അല്ലെങ്കിൽ

(ബി) ഫോൺ വഴിയോ അല്ലെങ്കിൽ ഷോർട്ട് മെസ്സേജ് സർവ്വീസ് വഴിയോ അല്ലെങ്കിൽ ഇ-മെയിൽ വഴിയോ അവരുടെ വാസസ്ഥലത്തെ വിലാസമോ ഔദ്യോഗിക വിലാസമോ പോലീസ് സ്റ്റേഷനിൽ നൽകുമ്പോൾ അവർ ആഗ്രഹിക്കുന്ന സ്ഥലത്ത് വച്ച് പരാതി എഴുതി എടുക്കുവാൻ ഒരു വനിതാപോലീസ് ഉദ്യോഗസ്ഥയുടെ സേവനം ലഭിക്കുവാനോ; അല്ലെങ്കിൽ

(സി) അവർ ജോലിചെയ്യുന്ന ഓഫീസിന്റെ അല്ലെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിക്ക് രേഖാമൂലം പരാതി നൽകുവാനും. ആ പരാതി ലഭിക്കുന്ന ഉദ്യോഗസ്ഥൻ ഉടൻതന്നെ അടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് അത് അയച്ചുകൊടുക്കുവാനും ; അല്ലെങ്കിൽ

(ഡി) അവർക്ക് വേണ്ടി അവരുടെ മാതാപിതാക്കൾ, സഹോദരൻ, ഭർത്താവ്, അടുത്ത ബന്ധുക്കൾ അല്ലെങ്കിൽ അധികാരപ്പെടുത്തിയ സുഹൃത്തുക്കൾ വഴി പോലീസിന് പരാതി നൽകുവാനും, അർഹതയുണ്ടായിരിക്കുന്നതാണ്.

10. വനിതയുടെ സ്വകാര്യതയേയും അന്തസ്സിനേയും ബാധിക്കുന്ന സാമഗ്രികളുടെ കൈവശം വയ്ക്കൽ.—ക്യാമറ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങളിൽ ഒരു വനിതയുടെ സഭ്യമല്ലാത്ത ഏതെങ്കിലും രീതിയിലുള്ള ഫോട്ടോഗ്രാഫുകളുടെ ക്ലിപ്പിംഗുകളോ, ചിത്രങ്ങളോ, ശബ്ദരേഖയോ അല്ലെങ്കിൽ വീഡിയോകളോ ഏതെങ്കിലും വിധത്തിൽ അവരെ പീഡിപ്പിക്കുന്നതിനായി ഉപയോഗിച്ചതോ അല്ലെങ്കിൽ ഉപയോഗിക്കാനുള്ള ഉദ്ദേശ്യത്തോടെയോ ഒരാൾ കൈവശം വച്ചതായി കണ്ടെത്തിയാൽ അയാൾ കുറ്റസ്ഥാപനത്തിന്മേൽ മൂന്ന് വർഷം വരെയാകാവുന്ന കാലയളവിലേക്ക് തടവ് ശിക്ഷയോ അല്ലെങ്കിൽ ഇരുപത്തിയയ്യായിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

us-2047



11. <u>തിരിച്ചറിയൽ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള വിലക്ക്.</u>—(1) ഈ ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ഏതു വനിതയ്ക്ക് എതിരെയാണോ ചെയ്തത് അവരുടെ ഫോട്ടോഗ്രാഫുകളോ പേരുകളോ തിരിച്ചറിയൽ വിവരങ്ങളോ യാതൊരു പത്രമോ അല്ലെങ്കിൽ മാധ്യമമോ, നിയമപരമായ ആവശ്യങ്ങൾക്കല്ലാതെ, പ്രസിദ്ധപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഒരാൾ കുറ്റസ്ഥാപനത്തിന്മേൽ ആറു മാസം വരെ ആകാവുന്ന കാലയളവിലേക്ക് തടവു ശിക്ഷയോ അല്ലെങ്കിൽ പതിനായിരം രൂപവരെയാകാവുന്ന പിഴ ശിക്ഷയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

12. <u>അന്വേഷണത്തിനുള്ള പ്രത്യേക നടപടിക്രമം.</u>—(1) ഈ ആക്റ്റിൻ കീഴിൽ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ, ഈ ആക്റ്റിൻ കീഴിൽ കുറ്റത്തിന് ഇരയായ വനിതയെക്കുറിച്ച് യാതൊരു പ്രചരണമോ വെളിപ്പെടുത്തലോ അല്ലെങ്കിൽ അവർ ആരാണെന്നുള്ള വസ്തുത വെളിപ്പെടുത്തുവാൻ സാധ്യതയുള്ള ഏതൊരു വിവരവും, നിയമപരമായ ആവശ്യങ്ങൾക്കല്ലാതെ, പരസ്യമാക്കുവാൻ പാടുള്ളതല്ല.

(2) യാതൊരു പോലീസ് ഉദ്യോഗസ്ഥനും, ഈ ആക്റ്റിൻ കീഴിലുള്ള കുറ്റത്തിന് ഇരയായ ഒരു വനിതയെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിക്കുവാനോ അല്ലെങ്കിൽ അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള സ്ഥലത്തല്ലാതെ മറ്റേതൊരു സ്ഥലത്തും അയാളുടെ മുന്നിൽ ഹാജരാകുന്നതിന് നിർബന്ധിക്കുവാനോ പാടില്ലാത്തതാണ്.

13. <u>വിചാരണയ്ക്കിടയിലെ സ്വകാര്യത.</u>—(1) 1973-ലെ ക്രിമിനൽ നടപടി സംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തു തന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന്റെ അന്വേഷണവും വിചാരണയും സ്വകാര്യമായി നടത്തേണ്ടതാണ്:

എന്നാൽ ജഡ്ജിക്ക്, ഒരു അപേക്ഷയിന്മേൽ, കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ഏതെങ്കിലും പ്രത്യേക ആൾക്ക് കോടതി ഉപയോഗിക്കുന്ന കെട്ടിടത്തിലോ മുറിയിലോ പ്രവേശനം നൽകുവാനോ അവിടെയുണ്ടാകുവാനോ അല്ലെങ്കിൽ തുടർന്നുണ്ടായിരിക്കുവാനോ അനുവദിക്കാവുന്നതാണ്.

(2) വനിതയുടെ സ്വകാര്യതയും അന്തസ്സും ഹനിക്കാത്ത അങ്ങനെയുള്ള രീതിയിലുള്ളതായ പ്രസക്തമായ ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കുന്നതിലേക്കായി കോടതിക്ക് ഓരോ സന്ദർഭത്തിലും ഉചിതമായി അതിന്റെ നടപടിക്രമങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

14. <u>നഷ്ടപരിഹാരം നൽകുന്നതിനുള്ള ഉത്തരവ്.</u>—കോടതിക്ക്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ ശിക്ഷ വിധിക്കുമ്പോൾ, ഉത്തരവിൽ പ്രതിപാദിക്കാവുന്ന അങ്ങനെയുള്ള തുക നഷ്ടപരിഹാരമായി കുറ്റം ചെയ്ത ആൾ ഈ ആക്റ്റ് പ്രകാരമുള്ള കുറ്റത്തിന് ഇരയായ വനിതയ്ക്കോ അവരുടെ നിയമപരമായ അവകാശിക്കോ നൽകുവാൻ ഉത്തരവിടാവുന്നതാണ്.

15. മറ്റ് നിയമങ്ങളുടെ പ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയുമായിരിക്കുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സമൂഹത്തിൽ സ്ത്രീ-പുരുഷ സമത്വം പൊതുവെ എല്ലാ മേഖലകളിലും പാലിക്കപ്പെട്ടുവരുന്നുണ്ടെങ്കിലും ജൈവശാസ്ത്രപരമായും സാമൂഹികമായ മറ്റു കാരണങ്ങളാലും സ്ത്രീകൾ പ്രത്യേക പരിരക്ഷ അർഹിക്കുന്ന ഒരു വിഭാഗമാണെന്നത് ഒരു യാഥാർത്ഥ്യമാണ്. വിജ്ഞാനത്തിന്റെയും സാങ്കേതികതയുടെയും മേഖലയിൽ വൻകുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ടെങ്കിലും സമൂഹത്തിൽ സ്ത്രീകൾക്കുനേരെയുള്ള മനോഭാവത്തിലും പെരുമാറ്റത്തിലും. കാര്യമായ പുരോഗതി ദർശിക്കുവാൻ സാധിക്കുന്നില്ല. ഏതാനും വർഷങ്ങളായി രാജ്യത്ത് പൊതുവേ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റു തലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും, സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റു പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ശക്തമായ ആവശ്യം സമൂഹത്തിൽ ഉയർന്നുവന്നു. സമീപകാലത്ത് രാജ്യതലസ്ഥാനത്തുണ്ടായ ദൗർഭാഗ്യകരമായ പീഡനവാർത്തകൾ ഈ നിയമനിർമ്മാണത്തിന് അടിയന്തര പ്രാധാന്യം നൽകുന്നു. ആയതിനാൽ ഇത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടു വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

തിരുവഞ്ചൂർ രാധാകൃഷ്ണൻ.

സെക്ഷൻ ഓഫീസർ